ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 09.01.2025

## പ്രധാനവാർത്തകൾ

1) ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ പ്രവാസി സമൂഹത്തിന് നിർണായക പങ്ക് വഹിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) വീട് വയ്ക്കുന്നതിന് ഭൂമി തരംമാറ്റാനുള്ള അപേക്ഷകളിൽ അതിവേഗം തീരുമാനമുണ്ടാകണമെന്ന് ജില്ലാ കളക്ടർമാരുടെ യോഗത്തിൽ നിർദ്ദേശം നൽകി മുഖ്യമന്ത്രി പിണറായി വിജയൻ.

3) സുഗത സൂക്ഷ്മവനം പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം കേന്ദ്രസഹമന്ത്രി എൽ.മുരുഗൻ ആലപ്പുഴയിൽ നിർവഹിച്ചു. കവയിത്രി സുഗതകുമാരിയുടെ സാമൂഹിക സംഭാവനകൾ പുതുതലമുറയ്ക്ക് പ്രചോദനമാകണമെന്ന് കേന്ദ്രമന്ത്രി.

4) ലൈംഗിക അധിക്ഷേപ കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂർ റിമാൻഡിൽ. ജാമ്യാപേക്ഷ കോടതി തള്ളി.

5) വാളയാർ കേസിൽ കുട്ടികളുടെ മാതാപിതാക്കളെ പ്രതി ചേർത്ത് സിബിഐ.

6) മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കേ തീർത്ഥാടകരാൽ നിറഞ്ഞ് ശബരിമല സന്നിധാനം. തിരക്ക് നിയന്ത്രിക്കാൻ ക്രമീകരണങ്ങളൊരുക്കി ദേവസ്വം ബോർഡ്.

RNU TVPM

*********************

## പ്രവാസി ഇന്ത്യൻ സമൂഹം (പ്രധാനമന്ത്രി)

2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റുന്നതിൽ പ്രവാസി സമൂഹത്തിന് നിർണായക പങ്ക് വഹിക്കാനാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രവാസി സമൂഹം കൈവരിച്ച നേട്ടങ്ങൾ രാജ്യത്തെ അഭിമാനഭരിതമാക്കുന്നതായും ഭുവനേശ്വറിൽ 18മത് പ്രവാസി ഭാരതീയ സമ്മേളനത്തിൻറെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. പ്രവാസികൾക്ക് മാതൃരാജ്യവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള വേദിയാണ് സമ്മേളനമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രവാസി ഭാരതീയ എക്സ്പ്രസ് പ്രത്യേക ടൂറിസ്റ്റ് ട്രെയിൻറെ ഫ്ലാഗ് ഓഫും അദ്ദേഹം ചടങ്ങിൽ നിർവഹിച്ചു. നാളെ നടക്കുന്ന സമാപന സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുക്കും. പ്രവാസി ഭാരതീയ പുരസ്കാരങ്ങൾ രാഷ്ട്രപതി ചടങ്ങിൽ സമ്മാനിക്കും.

PRD TVPM

********************

## മുഖ്യമന്ത്രി-ഭൂമി തരം മാറ്റം

വീട് വയ്ക്കുന്നതിന് ഭൂമി തരംമാറ്റാനുള്ള അപേക്ഷകളിൽ അതിവേഗം തീരുമാനമുണ്ടാകണമെന്നും നിയമപരമായ തടസ്സങ്ങളുണ്ടെങ്കിൽ അപേക്ഷകരെ അറിയിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരത്ത് രണ്ട് ദിവസമായി ചേർന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പ് മേധാവികളുടെയും വാർഷിക സമ്മേളനത്തിന്റെ സമാപനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. നഗര പരിധിയിൽ 5 സെന്റിലും ഗ്രാമങ്ങളിൽ 10 സെന്റിലും വീട് വയ്ക്കുന്നതിന് അപേക്ഷ നൽകിയാൽ ആവശ്യമായ പരിശോധനകൾ വേഗത്തിൽ പൂർത്തിയാക്കി അനുവാദം നൽകണം. നെൽവയൽ നിയമം വരുന്നതിനു മുൻപ് പുരയിടമായി പരിവർത്തിക്കപ്പെട്ട ഭൂമി തരംമാറ്റുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

********************

## എൽ. മുരുഗൻ (ഇൻട്രോ)

കവയിത്രി സുഗതകുമാരിയുടെ ആത്മസമർപ്പണവും, സാമൂഹിക സംഭാവനകളും പുതുതലമുറയ്ക്ക് പ്രചോദനമാകണമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ മുരുഗൻ. സുഗത സൂക്ഷ്മവനം പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം ആലപ്പുഴ സംഹതി ക്യാമ്പസിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. പരിസ്ഥിതി സംരക്ഷണത്തിനായും, മനുഷ്യാവകാശത്തിനായും സുഗതകുമാരി എന്നും നിലകൊണ്ടതായും ശ്രീ എൽ മുരുഗൻ പറഞ്ഞു.

(ഹോൾഡ്)

രണ്ട് ദിവസത്തെ കേരള സന്ദർശനത്തിനായെത്തിയ കേന്ദ്രസഹമന്ത്രി ഇന്ന് എറണാകുളം വടുതല ചിന്മയ സ്ക്കൂളിലും സുഗത സൂക്ഷ്മവനം പരിപാടിയ്ക്ക് തുടക്കം കുറിച്ചു. ആവണീശ്വരം പത്മനാഭ പിള്ള മെമ്മോറിയൽ സ്കൂളിലും, പാരിപ്പള്ളി അമൃത സംസ്കൃത സ്കൂളിലും നാളെ നടക്കുന്ന പരിപാടികളിലും അദ്ദേഹം പങ്കെടുക്കും. വള്ളിക്കാവ് അമൃതാനന്ദമയി ആശ്രമവും, ചടയമംഗലം ജടായു എർത്ത് സെൻററും കേന്ദ്രമന്ത്രി സന്ദർശിക്കും.

RNU TVPM

*********************

## ബോബി ചെമ്മണ്ണൂർ

നടി ഹണി റോസിനെ ലൈംഗികമായി അധിക്ഷേപിച്ച കേസിൽ വ്യവസായി ബോബി ചെമ്മണ്ണൂരിനെ എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ഇയാൾ സമർപ്പിച്ച ജാമ്യാപേക്ഷ കോടതി തള്ളി. ജാമ്യം നിഷേധിച്ചതിനെ തുടർന്ന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട ബോബി ചെമ്മണ്ണൂരിനെ പോലീസ് എറണാകുളം ജനറൽ ആശുപത്രിയിൽ എത്തിച്ചു. ഇയാളെ ഉടൻ കാക്കനാട് ജില്ലാ ജയിലിലേക്ക് മാറ്റും.

*********************

## വാളയാർ

വാളയാർ കേസിൽ പെൺകുട്ടികളുടെ മാതാപിതാക്കളെ കൂടി പ്രതി ചേർത്ത് സിബിഐ കുറ്റപത്രം സമർപ്പിച്ചു. കുട്ടികളുടെ മരണത്തിൽ മാതാപിതാക്കൾക്ക് പങ്കുണ്ടെന്ന് ചൂണ്ടിക്കാണിച്ചാണ് എറണാകുളം സിബിഐ പ്രത്യേക കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. ഇരുവരും പീഡന വിവരം അറിഞ്ഞിട്ടും മറച്ചുവെച്ചതായി കുറ്റപത്രത്തിൽ പറയുന്നു, ആത്മഹത്യ പ്രേരണ കുറ്റം, ബലാൽസംഗം പ്രേരണ കുറ്റം തുടങ്ങിയവയും ഇവർക്കെതിരെ ചുമത്തിയിട്ടുണ്ട്.
കോടതി നിർദ്ദേശപ്രകാരം നടത്തിയ തുടരന്വേഷണത്തിന് ശേഷമാണ് കേസിൽ സിബിഐ അനുബന്ധ കുറ്റപത്രം സമർപ്പിച്ചത്.

********************

## ശബരിമല (വോയ്സ്)

മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കേ തീർത്ഥാടകരാൽ നിറഞ്ഞ് ശബരിമല സന്നിധാനം.
മകര സംക്രമ ദിനത്തിൽ അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തിരുവാഭരണം ഈ മാസം 12 ന് പന്തളത്ത് നിന്ന് പുറപ്പെടും. 14 നാണ് മകരവിളക്ക്. തീർത്ഥാടകരുടെ തിരക്ക് നിയന്ത്രിക്കാൻ സന്നിധാനത്ത് കൂടുതൽ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.
(വോയ്സ്)

RNU TVPM

********************

## ഹൈക്കോടതി -റോഡ്

റോഡ് കെട്ടിയടച്ച് സമരവും പാർട്ടി യോഗങ്ങളും മറ്റും സംഘടിപ്പിച്ച പാർട്ടി നേതാക്കൾ നേരിട്ട് ഹാജരാകണമെന്ന് ഹൈക്കോടതി . ഇത്തരം നടപടികൾ കോടതി അലക്ഷ്യമാണെന്ന് ചൂണ്ടിക്കാട്ടി സമർപ്പിച്ച ഹർജിയിലാണ് അടുത്തമാസം പത്തിന്

ഹാജരാകാൻ ഡിവിഷൻ നിർദ്ദേശിച്ചത്. തിരുവനന്തപുരത്തും, കൊച്ചിയിലും നടന്ന വിവിധ പരിപാടികളോടനുബന്ധിച്ച് എം വി ഗോവിന്ദൻ, കടകംപള്ളി സുരേന്ദ്രൻ, ബിനോയ് വിശ്വം, വി കെ പ്രശാന്ത്, ടി ജെ വിനോദ് ഉൾപ്പെടെയുള്ള സി.പി.ഐ.എം, സി.പി.ഐ, കോൺഗ്രസ് നേതാക്കളോട് ഹാജരാകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

********************

## മുണ്ടിനീര്

ചേർത്തല പെരുമ്പളം എൽ പി സ്കൂളിലെ അഞ്ചു കുട്ടികൾക്ക് മുണ്ടിനീര് ബാധയുണ്ടായതിനെ തുടർന്ന് സ്കൂളിന് 21 ദിവസത്തെ അവധി പ്രഖ്യാപിച്ച് ആലപ്പുഴ ജില്ലാ കളക്ടർ . കൂടുതൽ വിദ്യാർഥികൾക്ക് രോഗം പടർന്നു പിടിക്കുന്നത് തടയാൻ ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരമാണ് നടപടി. ആരോഗ്യ തദ്ദേശ സ്വയംഭരണ വകുപ്പുകളുമായി ചേർന്ന് മുൻകരുതൽ നടപടികൾ വിദ്യാലയങ്ങളിൽ സ്വീകരിക്കണമെന്നും കളക്ടർ നിർദ്ദേശിച്ചു.

RNUTVPM

********************

## അവധി-തൃശൂർ

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്വർണക്കപ്പ് നേടിയതിൻ്റെ ആഹ്ളാദ സൂചകമായി തൃശ്ശൂർ ജില്ലയിലെ എല്ലാ സ്കൂളുകൾക്കും നാളെ കളക്ടർ അവധി പ്രഖ്യാപിച്ചു. ജില്ലയിലെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകൾക്കും അവധിയായിരിക്കുമെന്ന് ഉത്തരവിൽ പറയുന്നു.

********************

## ശിവൻകുട്ടി

അടുത്ത കലോത്സവത്തിൽ കൂടുതൽ പാരമ്പര്യ കലകൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണെന്ന് മന്ത്രി വി ശിവൻകുട്ടി. കലകൾ പഠിക്കാനും അവതരിപ്പിക്കാനുമുള്ള പണച്ചെലവ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രയാസം ഉണ്ടാകുന്നതായും, ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊള്ളേണ്ടത് എന്ന് പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു. മത്സരാർത്ഥികൾക്കുള്ള സാംസ്കാരിക സ്കോളർഷിപ്പ് 1000 രൂപയിൽ നിന്ന് അടുത്തവർഷം മുതൽ 1500 രൂപയാക്കുമെന്നും ശ്രീ വി. ശിവൻകുട്ടി അറിയിച്ചു.

*********************

## റീൽസ്

63-ാമത് കേരള സ്കൂൾ
കലോത്സവത്തിലെ സ്ക്കൂളുകൾക്കായുള്ള റീൽസ് മത്സരത്തിൽ വിജയം നേടിയ
കുറവൻകോണം ശ്രീ പട്ടം താണുപിള്ള മെമ്മോറിയൽ ജി യു പി എസിന് വിദ്യാഭ്യാസ മന്ത്രിയുടെ അനുമോദനം. റീൽസ് തയ്യാറാക്കി സ്കൂളിന് സമർപ്പിച്ച അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി ധ്വനി ആഷ്ലിയെയും അധ്യാപകരെയും SIET പുരസ്കാരം നൽകി ആദരിച്ചു . വിവിധ സ്കൂളുകളിൽ നിന്നുള്ള രണ്ടായിരത്തോളം റീൽസിനെ പിന്നിലാക്കിയാണ് ഈ നേട്ടം.

RNU TVPM

*********************

## കല്ലാർകുട്ടി അണക്കെട്ട് (ഇൻട്രോ)

നേര്യമംഗലം ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായ കല്ലാർകുട്ടി അണക്കെട്ടിൽ വീണ്ടും വെള്ളം നിറഞ്ഞു. കഴിഞ്ഞ ഡിസംബർ 27നായിരുന്നു അണക്കെട്ടിലെ വെള്ളം പൂർണ്ണമായി വറ്റിച്ചത്. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ,
(വോയ്സ്)

*********************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് ചെന്നൈയിൻ എഫ്സി ഒഡീഷയെ നേരിടും. രാത്രി 7.30-ന് ചെന്നൈയിലാണ് മത്സരം.

*********************

## സെൻസെക്സ്

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം .

സെൻസെക്സ് 424 പോയിന്റ് താഴ്ന്ന് 77,620 ലും, നിഫ്റ്റി 132 പോയിന്റ് നഷ്ടത്തിൽ 23,556 ലും വ്യാപാരം അവസാനിപ്പിച്ചു .

സ്വർണ്ണ വില ഉയർന്നു . പവന് 280 രൂപ വർധിച്ച് 58,080 രൂപയും ഗ്രാമിന് 7260 രൂപയുമാണ് ഇന്നത്തെ വില.

*********************

## ദേശീയപ്പാത ഉപരോധം

ഡി.സി.സി ട്രഷറർ എൻ എം വിജയൻ്റെയും മകൻ്റെയും മരണത്തിൽ ആത്മഹത്യ പ്രേരണകുറ്റത്തിൽ പ്രതിചേർക്കപ്പെട്ട ഐ.സി ബാലകൃഷ്ണൻ എം.എൽ.എ സ്ഥാനം രാജിവെക്കണമെന്നാവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ പ്രവർത്തകർ ബത്തേരിയിൽ ദേശീയപാത ഉപരോധിച്ചു. പ്രവർത്തകരെ പൊലീസ് പിന്നീട് അറസ്റ്റ് ചെയ്ത് നീക്കി. ഐ സി ബാലകൃഷ്ണൻ എം.എൽഎ സ്ഥാനം രാജി വയ്ക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രനും ആവശ്യപ്പെട്ടു.

*********************

*************

***

RNU TVPM